"ഭരണഭാഷ - മാതൃഭാഷ"

നം:- DGE/14952/2026-H2

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 20-08-2026

**സർക്കുലർ**

വിഷയം:- പൊതുവിദ്യാഭ്യാസം - 2026-27 വർഷം തസ്തിക നഷ്ടപ്പെട്ട സർക്കാർ സ്കൂളിലെ അധ്യാപകരെ സംരക്ഷിക്കുന്നതിനുള്ള തുടർനടപടികൾ - സംബന്ധിച്ച്

സൂചന :- 1. 17.08.2026 തീയതിയിലെ JR1/470/2026-G.EDN നമ്പർ സർക്കാർ കത്ത്

2. ബഹു. പൊതുവിദ്യാഭ്യാസ മന്ത്രിയുടെ അധ്യക്ഷതയിൽ 28/07/2026 ൽ ചേർന്ന യോഗത്തിന്റെ തീരുമാനങ്ങൾ

*****

2026-27 വർഷത്തെ തസ്തിക നിർണയത്തിൽ തസ്തിക നഷ്ടപെട്ട സർക്കാർ സ്കൂളിലെ അധ്യാപകരെ ജില്ലയിൽ ഉണ്ടായിരുന്ന മറ്റ് ഒഴിവുകളിൽ ക്രമീകരിച്ച ശേഷവും തസ്തിക ലഭ്യമല്ലാത്ത സാഹചര്യമുണ്ടെങ്കിൽ പ്രസ്തുത അധ്യാപകരെ ക്രമീകരിക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നൽകുന്നു:

I. പ്രൈമറി അധ്യാപകർ :

a. പ്രൈമറി വിഭാഗത്തിൽ തസ്തിക ലഭ്യമല്ലാത്ത LPST മാരെ KER അധ്യായം 23 റൂൾ 1 (ബി) item (iii) പ്രകാരം സർക്കാർ സ്കൂളുകളിൽ പ്രധാന അധ്യാപകനെ ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കുമ്പോൾ അനുവദിക്കുന്ന **അധിക LPST തസ്തികകളിലും**, തസ്തിക ലഭ്യമല്ലാത്ത UPST മാരെ KER അധ്യായം 23 റൂൾ 5 item (iv) പ്രകാരം സർക്കാർ സ്കൂളുകളിൽ പ്രധാന അധ്യാപകനെ ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കുമ്പോൾ അനുവദിക്കുന്ന **അധിക UPST തസ്തികകളിലും** താൽക്കാലികമായി ക്രമീകരിക്കേണ്ടതാണ്.
b. പ്രൈമറി വിഭാഗത്തിൽ തസ്തിക ലഭ്യമല്ലാത്ത ഭാഷ അധ്യാപകരെ അവർക്ക് LPST / UPST തസ്തികകളിൽ പഠിപ്പിക്കാൻ യോഗ്യതയുണ്ടെങ്കിൽ സർക്കാർ സ്കൂളുകളിൽ പ്രധാന അധ്യാപകനെ ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കുമ്പോൾ അനുവദിക്കുന്ന അധിക LPST / UPST തസ്തികകളിൽ താൽക്കാലികമായി ക്രമീകരിക്കേണ്ടതാണ്. (LPST (HTV) തസ്തികയിൽ TTC / D.El.Ed യോഗ്യത ഉള്ളവരെ മാത്രമേ ക്രമീകരിക്കാൻ പാടുള്ളൂ.
c. സർക്കാർ സ്കൂളുകളിൽ പ്രധാന അധ്യാപകനെ ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കുമ്പോൾ അനുവദിക്കുന്ന അധിക LPST / UPST തസ്തികകളിൽ ക്രമീകരിക്കാൻ കഴിയാത്ത എല്ലാ പ്രൈമറി വിഭാഗം അധ്യാപകരെയും ( LPST / UPST / ഭാഷാ അധ്യാപകർ / സ്പെഷ്യലിസ്റ്റ് അധ്യാപകർ) SSK യിൽ ക്ലസ്റ്റർ കോർഡിനേറ്റർ തസ്തികകളിൽ താൽക്കാലികം എന്ന വ്യവസ്ഥയിൽ ക്രമീകരിക്കേണ്ടതാണ്.

II. ഹൈസ്കൂൾ അധ്യാപകർ :

a. ഹൈസ്കൂൾ വിഭാഗത്തിൽ തസ്തിക ലഭ്യമല്ലാത്ത അധ്യാപകരെ (HST Core / Language), അവർ UPST തസ്തികകളിൽ പഠിപ്പിക്കാൻ യോഗ്യരാണെങ്കിൽ KER അധ്യായം 23 റൂൾ 5 item (iv) പ്രകാരം സർക്കാർ സ്കൂളുകളിൽ പ്രധാന അധ്യാപകനെ ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കുമ്പോൾ അനുവദിക്കുന്ന **അധിക UPST തസ്തികകളിൽ** താൽക്കാലികമായി ക്രമീകരിക്കേണ്ടതാണ്.

b. പ്രധാന അധ്യാപകനെ ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കുമ്പോൾ അനുവദിക്കുന്ന അധിക UPST തസ്തികകളിൽ ക്രമീകരിക്കാൻ കഴിയാത്ത എല്ലാ ഹൈസ്കൂൾ വിഭാഗം അധ്യാപകരെയും (സ്പെഷ്യലിസ്റ്റ് അധ്യാപകർ ഉൾപ്പടെ) SSK യിൽ ക്ലസ്റ്റർ കോർഡിനേറ്റർ തസ്തികകളിൽ താൽക്കാലികമായി ക്രമീകരിക്കേണ്ടതാണ്.

III. പ്രധാന അധ്യാപകനെ ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കുമ്പോൾ അനുവദിക്കുന്ന അധിക LPST / UPST തസ്തികകളിൽ താൽക്കാലികമായി ക്രമീകരിക്കുന്ന അധ്യാപകർക്ക്, അവരുടെ സേവന പുസ്തകം , സ്പാർക്ക് വിവരങ്ങൾ എന്നിവ ടി തസ്തികകൾ അനുവദിച്ചിരിക്കുന്ന സ്കൂളിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകേണ്ടതും , ഇത്തരത്തിൽ ക്രമീകരിച്ചിരിക്കുന്ന സ്കൂളിൽ നിന്നും തന്നെ ശമ്പളം നൽകേണ്ടതുമാണ്.

IV. SSK യിൽ താൽക്കാലികമായി ക്രമീകരിക്കുന്ന അധ്യാപകരുടെ സേവനപുസ്തകം , സ്പാർക്ക് എന്നിവ ടി അധ്യാപകർ ജൂലൈ 14 വരെ തുടർന്നുവന്നിരുന്ന സ്കൂളിൽ തന്നെ കൈകാര്യം ചെയ്യേണ്ടതും , ടി സ്കൂളിൽ നിന്നും അവർക്ക് ശമ്പളം നൽകേണ്ടതുമാണ്. BRC യിൽനിന്നുമുള്ള Attendance Statement എല്ലാ മാസവും സ്കൂളിലേക്ക് നൽകേണ്ടതാണ്.

V. HTV തസ്തികകളിൽ സീനിയോറിറ്റി മുറയ്ക്ക് യോഗ്യരായവരെ എല്ലാവരെയും ക്രമീകരിച്ച ശേഷം മാത്രമേ SSK യിലേക്ക് അധ്യാപകരെ ക്രമീകരിക്കേണ്ടതുള്ളൂ. അതുപോലെ യോഗ്യരായ പ്രൈമറി വിഭാഗം അധ്യാപകരെയെല്ലാം HTV ഒഴിവുകളിൽ നിയമിച്ച ശേഷം മാത്രമേ ഹൈസ്കൂൾ വിഭാഗം അധ്യാപകരെ HTV ഒഴിവുകളിൽ നിയമിക്കുന്നതിന് പരിഗണിക്കേണ്ടതുള്ളൂ.

VI. ഇത്തരത്തിൽ താൽക്കാലികമായി ക്രമീകരിക്കുന്ന എല്ലാ അധ്യാപകരെയും മാതൃ തസ്തികയിൽ വരുന്ന അടുത്ത റഗുലർ ഒഴിവിലേക്ക് വിദ്യാഭ്യാസ ഉപഡയറക്ടർ മാറ്റി നിയമിക്കേണ്ടതാണ്. HTV തസ്തികകളിൽ നിന്നും റഗുലർ തസ്തികകളിലേക്ക് അധ്യാപകരെ മാറ്റി നിയമിക്കുമ്പോൾ , HTV തസ്തികകളിൽ വരുന്ന ഒഴിവുകളിലേക്ക് SSK യിൽ നിൽക്കുന്ന അധ്യാപകരെ നിയമിക്കേണ്ടതാണ്.

VII. എച്ച്.ടി.വി തസ്തികകളിലും , എസ്.എസ്.കെ യിലും താൽക്കാലികമായി ക്രമീകരിച്ചിക്കുന്ന അധ്യാപകരുടെ സ്ഥിതി വിവര കണക്കുകൾ എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും ഒരാഴ്ച്ചയ്ക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്.

VIII. തസ്തിക ലഭ്യമല്ലാത്ത അധ്യാപകർക്ക് സെൻസസ് ഡ്യൂട്ടി ലഭിച്ചിട്ടുണ്ടെങ്കിലും അവരെ ഈ

സർക്കുലർ പ്രകാരം ക്രമീകരിക്കേണ്ടതാണ്. റഗുലർ തസ്തിക ലഭ്യമല്ലാതെ എച്ച്.ടി.വി തസ്തികകളിലും, എസ്.എസ്.കെ യിലും താൽക്കാലികമായി ക്രമീകരിച്ചിരിക്കുന്ന അധ്യാപകരെ ജില്ലയ്ക്കകത്തുള്ള (Intra District) സ്ഥലംമാറ്റത്തിന് പരിഗണിക്കുന്നതല്ല.

**പൊതു വിദ്യാഭ്യാസ ഡയറക്ടർ**
Digitally signed by
SNEHIL KUMAR SINGH
Date: 20-08-2026
12:23:04

സ്വീകർത്താവ്:

വിദ്യാഭ്യാസ ഉപഡയറക്ടർമാർ

പകർപ്പ്:

1. സെക്രട്ടറി , പൊതുവിദ്യാഭ്യാസ വകുപ്പ് (ആമുഖ കത്ത് സഹിതം)
2. ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ
3. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കൈറ്റ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )
4. എല്ലാ സർക്കാർ സ്കൂൾ പ്രഥമാധ്യാപകർക്കും (ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)
5. സൂപ്രണ്ട് , എ സെക്ഷൻ